
പ്രിൻസിപ്പാൾ
ശ്രീമതി രമാദേവി.എൽ


ഹെഡ്മിസ്ട്രസ്
കുമാരി സിസമ്മ മാത്യു


സ്കൂൾ ലീഡർ
കുമാരി രാജേശ്വരി.എ.വി


സ്കൂൾ ചെയർമാൻ
മാസ്റ്റർ മനു ബാലകൃഷ്ണൻ

## PTA ഭാരവാഹികൾ


ശ്രീ. പി. എൻ. ഷാജി
**PTA പ്രസിഡന്റ്**

2013 ആഗസ്റ്റ് 14-ന് PTA പൊതുയോഗം ചേർന്നു.

**പ്രസിഡന്റ്**
ശ്രീ. പി. എൻ. ഷാജി
**വൈസ് പ്രസിഡന്റ്**
ശ്രീ. ജേക്കബ്ബ്. പി.ഒ
**മറ്റ് പ്രതിനിധികൾ**
ശ്രീ. എൻ.സി. വേലായുധൻ
ശ്രീമതി രമാദേവി
ശ്രീമതി സന്ധ്യ സുകുമാരൻ
ശ്രീമതി രജനി രാജു
ശ്രീ. എം.എ വേലായുധൻ
ശ്രീ. ബാബുരാജ്.പി.പി
ശ്രീ. പി വി.അയ്യപ്പൻ
ശ്രീ. എം.എ.രവീന്ദ്രൻ നായർ
ശ്രീമതി മഞ്ജു ബാബു
**അധ്യാപക പ്രതിനിധികൾ**
ശ്രീമതി രമാദേവി.എൽ ( പ്രിൻസിപ്പാൾ )
കുമാരി സിസമ്മ മാത്യു ( എച്ച്. എം )
ശ്രീമതി വൽസ വർഗീസ്
ശ്രീമതി എം.എൻ ഷൈല
ശ്രീ. ജെയ്സൻ ജോസഫ്
ശ്രീമതി ലില്ലിക്കുട്ടി സെബാസ്റ്റ്യൻ
ശ്രീമതി രാജലക്ഷ്മി. എൻ
ശ്രീമതി വിലാസിനി.പി.കെ
ശ്രീമതി അനിത പീറ്റർ

## സ്കൂൾ വികസനസമിതി ഭാരവാഹികൾ

ശ്രീ. എം.എ.വേലായുധൻ (**ചെയർമാൻ**)
ശ്രീ. പി.എൻ.ഷാജി
ശ്രീ. ജേക്കബ്ബ്.പി.സി
ശ്രീമതി രമാദേവി.എൽ ( പ്രിൻസിപ്പാൾ )
കുമാരി സിസമ്മ മാത്യു ( എച്ച്. എം )
ശ്രീ. ജെയ്സൻ ജോസഫ്
ശ്രീ. രാജേഷ്.വി

## SMC ഭാരവാഹികൾ


ശ്രീ.വി.കെ.ബാലകൃഷ്ണൻ
**ചെയർമാൻ**

2013 ജൂൺ 6 -ന് SMC രൂപീകരിച്ചു.

**ചെയർമാൻ**
ശ്രീ. വി.കെ.ബാലകൃഷ്ണൻ
**മറ്റ് പ്രതിനിധികൾ**
ശ്രീമതി വൽസ ഡേവിസ്
ശ്രീമതി മഞ്ജുഷ കൃഷ്ണകുമാർ
ശ്രീമതി ഉഷ രാജൻ
ശ്രീമതി ഇന്ദിര ഗോപാലകൃഷ്ണൻ
ശ്രീമതി രമാദേവി വേണുഗോപാൽ
ശ്രീമതി മായ. വി.ആർ
ശ്രീമതി രമ സജീവ്
ശ്രീമതി സിന്ധു പരമേശ്വരൻ
ശ്രീമതി ജിഷ ഡേവിസ്
ശ്രീമതി ജയ്നി പൗലോസ്
ശ്രീ. സി.എൻ.മോഹനൻ
ശ്രീ. ചെറിയാച്ചൻ പി.എ
ശ്രീ. മത്തായി.പി.ഒ
ശ്രീ. പി.എൻ. വിജയൻ
**അധ്യാപക പ്രതിനിധികൾ**
ശ്രീമതി രമാദേവി.എൽ ( പ്രിൻസിപ്പാൾ )
കുമാരി സിസമ്മ മാത്യു ( എച്ച്. എം )
ശ്രീ. സാബു ജോർജ്
ശ്രീ. മുരുകദാസ്.പി.വി.

## MPTA ഭാരവാഹികൾ

ശ്രീമതി ഷീല പോൾ (**ചെയർ പേഴ്സൺ**)
ശ്രീമതി കുഞ്ഞുമോൾ എൽദൊ
ശ്രീമതി ബിന്ദു രാമാനന്ദൻ
ശ്രീമതി ലീബ തോമസ്
ശ്രീമതി ലീല സുബ്രൻ
ശ്രീമതി ഷാൻലി സാവി
ശ്രീമതി അനിത വിശ്വനാഥ്
**അധ്യാപക പ്രതിനിധി**
ശ്രീമതി അനിത പീറ്റർ

## "ഒരുമിയ്ക്കാം... വിളയിക്കാം..."




പുളിയനം : 2013-14 അധ്യയനവർഷത്തിൽ "ഒരുമിയ്ക്കാം.... വിളയിക്കാം...."എന്ന പേരിൽ ഗവ.ഹയർസെക്കന്ററി സ്കൂൾ പുളിയനം അവതരിപ്പിച്ച മികവ് അങ്കമാലി സബ്ജില്ലാതലത്തിൽ തെരഞ്ഞെടുക്കപ്പെടുകയും ജില്ലാതലത്തിൽ അവതരിപ്പിക്കുകയും ചെയ്തു. പുതിയ തലമുറയ്ക്ക് അന്യമായ കാർഷിക സംസ്ക്കാരത്തിലൂന്നി നിന്നുകൊണ്ടുള്ള വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുകയായിരുന്നു ഈ പ്രവർത്തനത്തിന്റെ ഉദ്ദേശം. കൃഷി മുഖ്യജീവനോപാധിയായിരുന്ന ഒരു പ്രദേശമായ പുളിയനത്തിൽ ഇത്തരം പരിപാടികൾക്ക് വളരെയേറെ പ്രസക്തിയുണ്ട്. നേച്ചർ ക്ലബ്ബിന്റേയും NSS ന്റേയും നേതൃത്വത്തിൽ നടന്ന നെൽകൃഷി, വാഴകൃഷി, പച്ചക്കറികൃഷി എന്നിവയായിരുന്നു പ്രധാന പ്രവർത്തനങ്ങൾ. ഇതേതനുബന്ധമായി വിദ്യാരംഗം കലാസാംസ്ക്കാരികവേദി, സയൻസ് ക്ലബ്ബ്, ഭാഷാക്ലബ്ബുകൾ, സ്കൗട്ട് ആന്റ് ഗൈഡ്സ് എന്നിവയുടെ നേതൃത്വത്തിൽ നടന്ന പ്രവർത്തനങ്ങളും അവതരിപ്പിക്കുകയുണ്ടായി.

കവിത



## പൂനിലാവ്

പൂപോലെയുള്ളൊരു പൂനിലാരാത്രിയിൽ
ഹംസങ്ങൾ പൊയ്കയിൽ നീന്തിടുമ്പോൾ
ആകാശമാകെ തെളിഞ്ഞീടുന്നേ
പൂങ്കുയിൽ പാടി രസിച്ചീടുന്നേ
കാടായകാടൊക്കെ പനിനീരു പാകുമ്പോൾ
കുളിരോടെ പറവകൾ പാടിടുന്നേ
പൂങ്കാവനത്തിലെ പൂനിലാവെട്ടത്തിൽ
പൂമുല്ല ഗന്ധം പരത്തിടുന്നേ
വെൺപട്ടിൻ കമ്പളം നെയ്തെടുത്ത്
വെൺനിലാവാകെ പരന്നിടുന്നേ
പാടാതെ പാതിയിൽ നിർത്തിയ പാട്ടുമായ്
ആകാശപറവ ചേക്കേറിടുന്നേ
സന്ധ്യയാം കുന്നിന്റെ മാറിൽ വിരിയുന്ന
അമ്പിളികിണ്ണം തിളങ്ങിടുന്നേ
ഒന്നൊന്നായ് പൊട്ടിവിരിയുന്ന താരക -
കുട്ടികൾ മിന്നി രസിച്ചിടുന്നേ
മന്ദമായ് ഒഴുകിടും മാരുതൻ തന്നിലെ
കുളിരിനെ തൊട്ടുണർത്തിടുന്നേ
വിണ്ണിലെ താരക വെട്ടത്തിൽ മിന്നുന്ന
കുട്ടിപരൽമീൻ തിളങ്ങിടുന്ന
താരതൻ ശോഭയിൽ മിന്നുമീ താമര -
യമ്പിളിതേര് മറഞ്ഞിടുന്നേ.

**കുമാരി ആര്യ വിശ്വനാഥൻ**
**IX C**

## പുളിയനത്തിന്റെ സ്വന്തം കോവിലുകൾ

ക്ഷേത്ര ഗ്രാമമെന്നൊന്നും വിശേഷിപ്പിക്കാൻ കഴിയില്ലെങ്കിലും അമ്പലങ്ങളുടെ പെരുമ പുളിയനം ഗ്രാമത്തിനുണ്ട്. ഇവിടുത്തെ ക്ഷേത്രങ്ങളെക്കുറിച്ച് പറയുമ്പോൾ നമ്മുടെ വിദ്യാലയവുമായി ഏറ്റവും ബന്ധമുള്ള മറ്റപ്പള്ളി മനവക ഭദ്രകാളീ ക്ഷേത്രത്തിൽ തുടങ്ങാം. മറ്റപ്പള്ളി എന്നായിരുന്നു ഇല്ലപ്പേര്. ഇവിടെ അന്നുണ്ടായിരുന്ന തന്ത്രി ശ്രീ പോർക്കലീ ദേവീക്ഷേത്രത്തിൽ പോയി ഭദ്രകാളിയെ സേവിച്ച് പ്രത്യക്ഷപ്പെടുത്തി വന്നതിനാൽ ഭദ്രകാളി മറ്റപ്പള്ളി മനയായി. ഈ മനവകയാണ് ഭദ്രകാളി മറ്റപ്പള്ളി ക്ഷേത്രം. ഉഗ്രമൂർത്തിയായ ഭദ്രകാളിയാണ് ഇവിടുത്തെ പ്രതിഷ്ഠ. ശിവപ്രതിഷ്ഠയുള്ള ഒരു ക്ഷേത്രവും ഇവിടെതന്നെയുണ്ട്. ശ്രീകണ്ഠേശ്വരത്തപ്പനും ചിറയ്ക്കൽ തേവരുമാണ് ശ്രീ പരമേശ്വരന്റെ പുളിയനത്തുള്ള മറ്റു പ്രതിഷ്ഠകൾ.

ഇളവൂർ പുത്തൻ കാവിലും ഭദ്രകാളീദേവിയാണ് പ്രതിഷ്ഠ. വിശേഷവഴിപാടായി ഇളവൂർതൂക്കം നടന്നിരുന്നതുകൊണ്ട് ഈ ക്ഷേത്രം കേരളത്തിലെമ്പാടും പ്രസിദ്ധമാണ്. ഇന്ന് തൂക്കം നിരോധിച്ചു.

ഇവിടുത്തെ പുരാതനവും പ്രസിദ്ധവുമായ ശ്രീകൃഷ്ണക്ഷേത്രമാണ് തൃക്ക ശ്രീകൃഷ്ണക്ഷേത്രം. ക്ഷിപ്രപ്രസാദിയായ കൃഷ്ണഭഗവാനാണ് ഇവിടത്തെ പ്രതിഷ്ഠ. എല്ലാ വർഷവും ദശാവതാരം തൊഴാൻ ക്ഷേത്രത്തിൽ വലിയ തിരക്കാണ്. കോടുശ്ശേരി പാർത്ഥസാരഥി ക്ഷേത്രവും ശ്രീ ഭഗവതി ക്ഷേത്രവുമാണ് പുളിയനം കരയിൽ എടുത്തുപറയത്തക്ക മറ്റു രണ്ട് ക്ഷേത്രങ്ങൾ. കൂടാതെ ചെറിയ ചെറിയ ക്ഷേത്രങ്ങൾ വേറേയുമുണ്ട്. പുളിയനത്തിന്റെ സാംസ്ക്കാരികപ്പെരുമ ഈ ക്ഷേത്രങ്ങളുടെ സംസ്ക്കാരവുമായി ബന്ധപ്പെട്ടു കിടക്കുന്നതാണ്.

**ബാലകൃഷ്ണൻ,**
**എസ്.എം.സി ചെയർമാൻ**